# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ മണിമലകുന്ന് ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി തിരുമാറാടി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ

# അന്തിമ രേഖ



**എറണാകുളം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

| *അർത്ഥനാധികാരി* | *ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ* |
|---|---|
| ഡയറക്ടർ<br>കോളേജ് വിദ്യാഭ്യാസ വകുപ്പ്<br>വികാസ് ഭവൻ, തിരുവനന്തപുരം | സ്പെഷ്യൽ തഹസിൽദാർ,<br>എൽ.എ. ജനറൽ,<br>എറണാകുളം |


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**രാജഗിരി ഔട്ട്റീച്ച്**

**രാജഗിരി. പി.ഒ. കളമശേരി, പിൻ: 683 104**

**ഫോൺ: 0484 2911332/2550785**

**outreach@rajagiri.edu**
**www.rajagirioutreach.org**


**07 ഫെബ്രുവരി 2026**

# ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. സാമൂഹ്യ പ്രത്യാഘാത പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രത്തെക്കുറിച്ചും വിവരശേഖരണം നടത്തിയ മാർഗത്തെക്കുറിച്ചുമുള്ള വിശദീകരണവും യുക്തിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തു വാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം.

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം,വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെ ക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ *(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 പദ്ധതി ആഘാത ബാധിതമായേക്കാവുന്ന കച്ചവട സ്ഥാപനങ്ങൾ

**അദ്ധ്യായം 6: സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിതസാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷ മതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10 : സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം

നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 ശുപാർശകൾ

**പട്ടികകൾ**

| **പട്ടിക നം.** | **ഉള്ളടക്കം** |
|---|---|
| പട്ടിക 1.3.1 | ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ |
| പട്ടിക 3.1.1. | പഠന സംഘം |
| പട്ടിക 3.5.1. | മീറ്റിങ്ങുകളുടെ സമയ ക്രമം |
| പട്ടിക 5.1.1. | ഭൂവുടമയുടെ വിവരങ്ങളും ഭൂമിയിലെ ആസ്തികളും |
| പട്ടിക 7.6.1. | സാമൂഹ്യപ്രത്യാഘാതങ്ങളും ലഘൂകരണനടപടികളും |

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ പ്രവർത്തിച്ചു വരുന്ന, ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് നിയമം 1955 പ്രകാരം 27.03.2022 ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സർക്കാരിതര സംഘടനയാണ് രാജഗിരി ഔട്ട്റീച്ച്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ ഒരു സാമൂഹ്യ സേവന വിഭാഗമായി രാജഗിരി ഔട്ട്റീച്ച് പ്രവർത്തിക്കുന്നു. സാമൂഹ്യ സേവന പ്രവർത്തനങ്ങളോടൊപ്പം, വിവിധങ്ങളായ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും രാജഗിരി ഔട്ട്റീച്ച് ചെയ്യുന്നുണ്ട്. RFCTLARR 2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി ഔട്ട്റീച്ചിന് ലഭിച്ചിട്ടുണ്ട്.

14.11.2025 തീയതിയിലെ നമ്പർ 4022, വാല്യം 14 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എറണാകുളം ജില്ലാ കളക്ടറുടെ 13.11.2025 തീയതിയിലെ വിജ്ഞാപനം നമ്പർ DCEKM/3966/25-C8 പ്രകാരം **ടി.എം.ജേക്കബ്ബ് മെമ്മോറിയൽ സ്റ്റേഡിയം** നിർമ്മാണത്തിനായി എറണാകുളം ജില്ലയിൽ മുവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും പ്രത്യേകം അവസാന അദ്ധ്യായമായി (അദ്ധ്യായം:11) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6ൽ തയ്യാറാക്കിയിട്ടുള്ളത്.

**മീന കുരുവിള**
**ചെയർപേഴ്സൺ (SIA)**

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

**1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും**

എറണാകുളം ജില്ലയിലെ തിരുമാറാടി വില്ലേജിൽ മണിമലക്കുന്നിൽ പ്രവർത്തിക്കുന്ന ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിലവിൽ എകദേശം 600 ഓളം കുട്ടികൾ പഠിക്കുന്ന കോളേജിൽ ബിരുദവും ബിരുദാനന്തര ബിരുദവും, ഗവേഷണം ഉൾപ്പെടെ വിവിധ കോഴ്സുകൾ നൽകി വരുന്നു. പഠനത്തോടൊപ്പം കലാ കായിക പ്രവർത്തനങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന കോളേജിൽ ക്രിക്കറ്റ്, ഫുട്ബോൾ, അത്‌ലറ്റിക്സ്, ബാഡ്മിൻറൺ, ടേബിൾ ടെന്നീസ് മുതലായ കായികയിനങ്ങൾക്കും സൗകര്യങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും നിലവിലെ ഗ്രൗണ്ടിൻെറ സ്ഥലപരിമിതിയും അത്‌ലറ്റിക്സ് പോലുള്ള മത്സരയിനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങളുടെ പരിമിതിയും മൂലം കുട്ടികൾക്ക് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും കഴിവു തെളിയിക്കുന്നതിനും സാധിക്കാതെ വരുന്നു. ഈ അവസ്ഥ പരിഗണിച്ചും, എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിലെ പിന്നോക്ക വിഭാഗക്കാർക്കും പട്ടികവർഗ്ഗ പട്ടികജാതി കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനും വളർച്ചക്കും അടിത്തറ പാകിയ വിദ്യാലയമെന്ന നിലയിലും ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജ് സംരക്ഷിക്കപ്പെടേണ്ടത് നാടിൻെറ ആവശ്യമാണ്.

**1.2 പദ്ധതി പ്രദേശം**

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ ഉൾപ്പെട്ടതാണ് പദ്ധതി പ്രദേശം. ജില്ലയുടെ കിഴക്കൻ പ്രദേശത്തായി സ്ഥിതി ചെയ്യുന്ന മണിമലക്കുന്ന് ഗ്രാമം തിരുമാറാടി പഞ്ചായത്തിൽ 8–ാം വാർഡിൽ ഉൾപ്പെടുന്നു

**1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും**

2025 നവംബർ 14 തീയതിയിലെ 4022-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 2025 നവംബർ 13-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCEKM/3966/25-C8 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത്

ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മാണത്തിനു വേണ്ടി എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും ഏകദേശം 0.6070 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

പ്രസ്തുത ഉത്തരവിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.5.1.ൽ നൽകിയിരിക്കുന്നു

**പട്ടിക 1.3.1: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

**ജില്ല : എറണാകുളം** **താലൂക്ക് : മൂവാറ്റുപുഴ**

**വില്ലേജ്: തിരുമാറാടി**

| ക്രമ നമ്പർ | സർവ്വെ നമ്പർ | ഭൂമിയുടെ തരം | ഏകദേശ വിസ്തീർണ്ണം |
|---|---|---|---|
| 1 | 305/1B | പുരയിടം | 0.1214 |
| 2 | 305/1A,B | പുരയിടം | 0.0546<br>0.0768 |
| 3 | 305/1B<br>304/1 | പുരയിടം | 0.2266<br>0.1276 |
| **ആകെ** | | | **0.6070 (ഹെക്ടർ)** |

**1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ**

പദ്ധതിക്ക് മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.

**1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ**

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും 305/1B, 305/1A,B, 305/1B, 304/1 എന്നീ സർവ്വെ നമ്പരുകളിൽപെട്ട ഭൂമി, സ്റ്റേഡിയം നിർമ്മാണത്തിനു വേണ്ടി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിൽ 5 ഭൂവുടമകളുടെ പേരിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഭൂമിയുടെ അളവ് കുറയുക/പൂർണ്ണമായി നഷ്ടപ്പെടുക, വീട് നഷ്ടപ്പെടുക, കുടിയൊഴിക്കപ്പെടുക, ഉപജീവനമാർഗ്ഗം നഷ്ടമാകുക, കൃഷി/മരങ്ങൾ നഷ്ടപ്പെടുക എന്നിവയാണ് പ്രധാനമായും കണ്ടെത്തിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ. ഇതിനോടൊപ്പം തന്നെ പദ്ധതി നിർമ്മാണഘട്ടത്തിൽ വസ്തുവകകളിലേക്കുള്ള വഴി തടസ്സപ്പെടൽ, ഉണ്ടാകാനിടയുള്ള പരിസര

മലിനീകരണം, അപകട സാധ്യതകൾ എന്നിവയും പഠന സംഘം കണ്ടെത്തിയ പ്രധാന പ്രത്യാഘാതങ്ങളാണ്.

**1.7. ലഘൂകരണ നടപടികൾ**

നിർദ്ദിഷ്ട ഭൂമി വിട്ടുനൽകുന്നതിൽ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികളിലൂടെ ഭൂവുടമ ഉൾപ്പടെയുള്ള പദ്ധതി ബാധിതർക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടം ലഘൂകരി ക്കാവുന്നതാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവി ച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും നഷ്ടപരിഹാരവും പുനരധിവാസ –പുനസ്ഥാപന പാക്കേജും നൽകുക എന്നതാണ് നിയമാനുസൃതമായ നടപടി. കൂടാതെ പരിസ്ഥിതിയുടെ സുസ്ഥിര നിലനിൽപ്പിനായി പദ്ധതി പ്രദേശത്തെ വൃക്ഷങ്ങൾ കഴിയു ന്നത്ര സംരക്ഷിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്നും, നിർമ്മാണ ഘട്ടത്തിലെ മാലിന്യങ്ങൾ യഥാസമയം ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യണമെന്നും എസ്.ഐ.എ. യൂണിറ്റ് ശുപാർശ ചെയ്യുന്നു.

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

എറണാകുളം ജില്ലയിലെ തിരുമാറാടി വില്ലേജിൽ മണിമലക്കുന്നിൽ പ്രവർത്തിക്കുന്ന ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക എന്ന നിലവിലെ പദ്ധതി വളർന്നു വരുന്ന തലമുറക്ക് പഠനത്തോടൊപ്പം കായിക ഇനങ്ങളിലും കഴിവു തെളിയിക്കുന്നതിനും സാധ്യമായ അവസരങ്ങൾ തുറന്നു നൽകുന്നതിനും അനിവാര്യമാണ്. നിലവിലെ സൗകര്യങ്ങളുടെ അപര്യാപ്തതയും കുട്ടികളുടെ ആവശ്യവും കണക്കിലെടുത്ത് ഒരു സ്റ്റേഡിയം പണിയുക എന്നത് അടിയന്തിര ആവശ്യമാണ്. ടെക്നിക്കൽ ഹൈസ്കൂൾ സംരക്ഷിക്കപ്പെടേണ്ടത് നാടിൻെറ ആവശ്യമാണ്. ആയതിനാൽ, ടി സ്കൂളിന് സ്വന്തമായി സ്ഥലവും അതിൽ സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനനുയോജ്യമായ കെട്ടിടവും എന്നത് അടിയന്തിര ആവശ്യമാണ്. ടി പദ്ധതിക്കായി കോളേജ് കെട്ടിടത്തോടും ഗ്രൗണ്ടിനോടും ചേർന്ന് 200 മീറ്റർ നീളമുള്ള സിന്തറ്റിക് ട്രാക്ക്, ഗാലറി, ജംപിങ് പിറ്റ് എന്നിവയുൾപ്പെടുന്ന ഒരു സ്റ്റേഡിയമാണ് നിലവിൽ വിഭാവനം ചെയ്തിരിക്കുന്നത്.

നിർദ്ദിഷ്ട പദ്ധതിയുടെ, അതായത് അതായത് ടി. എം. ജേക്കബ് ഗവൺമെൻറ് കോളേ ജിൽ സ്റ്റേഡിയം നിർമ്മാണത്തിനു വേണ്ടി എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുക എന്ന പദ്ധതിയുടെ അർത്ഥനാധികാരിയായിട്ടുള്ളത് ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് വികാസ് ഭവൻ, തിരുവനന്തപുരം ആണ്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ എറണാകുളം ആണ്.

## 2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി.

സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിൻെറ പുരോഗതിയിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം കലാ കായിക മത്സരങ്ങളിലും അവസരങ്ങൾ തുറന്നുകൊടുക്കുകയും അതിലൂടെ പ്രതിഭാധനരായ പുതു തലമുറയെ വാർത്തെടുക്കുകയും ചെയ്യുക എന്നത് അത്യന്താപേ

ക്ഷിതമാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി കോളേജിൻെറ ഒരു ഒഴിവാക്കാനാകാത്ത ആവശ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ രാജ്യത്തിൻെറ അടിസ്ഥാന ആവശ്യമായി ഇന്ത്യാ ഗവണ്മെൻറിൻെറ സാമ്പത്തിക കാര്യവകുപ്പിൻെറ 2012 മാർച്ച് 27 തീയതിയിലെ ഐ.എൻ.എഫ് വിജ്ഞാപനത്തിൽ (നം.13/6/2009) ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ RFCTLARR act 2013 സെക്ഷൻ 2(1) b പ്രകാരം നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

### 2.3 പദ്ധതിയുടെ സ്ഥലം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

മണിമലകുന്ന് ടി. എം. ജേക്കബ് ഗവൺമെൻറ് കോളേജിന് വേണ്ടി സ്ഥലം ഏറ്റെടുത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതാണ് നിലവിലെ പദ്ധതി. മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും ഏകദേശം 0.6070 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. തിരുമാറാടി ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്ഥലം തിരുമാറാടി വില്ലേജിലെ 305/1B, 305/1A,B, 305/1B, 304/1 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെടുന്നു.

### 2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പ്രത്യാഘാതങ്ങൾ കുറവ് വരത്തക്കവിധത്തിൽ ഏറ്റവും അനുയോജ്യമായ രീതിയിലാണ് നിലവിലെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിക്ക് മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.

### 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി ഒറ്റ ഘട്ടത്തിൽ തന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സർക്കാർ നിയോഗിക്കുന്ന ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിൽ സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് പ്രവർത്തന സജ്ജമാക്കുന്ന രീതിയിൽ ഒരുക്കുകയാണ് പ്രധാന നിർമ്മാണ പ്രവർത്തനം.

### 2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

തിരുമാറാടി വില്ലേജിൽ മണിമലകുന്ന് ടി. എം. ജേക്കബ് ഗവൺമെൻറ് കോളേജിൽ കോളേജ് കെട്ടിടത്തോടും ഗ്രൗണ്ടിനോടും ചേർന്ന് 200 മീറ്റർ നീളമുള്ള സിന്തറ്റിക് ട്രാക്ക്, ഗാലറി, ജംപിങ് പിറ്റ് എന്നിവയുൾപ്പെടുന്ന ഒരു സ്റ്റേഡിയമാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഏകദേശം 0.6070 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. നിലവിലെ ഗ്രൗണ്ടിലെ പരിമിത സൗകര്യങ്ങളിൽ നിന്നും മെച്ചപ്പെട്ട

അവസരങ്ങൾ കായികാഭിരുചിയുള്ള കുട്ടികൾക്ക് പ്രദാനം ചെയ്യുക എന്നതാണ് നിലവിലെ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്. അത്‌ലറ്റിക്സ് വിഭാഗത്തിനായി പ്രത്യേകം സജ്ജീകരിച്ച സിന്തറ്റിക് ട്രാക്കും ഗാലറിയും ഇതിൽ ഉൾപ്പെടുന്നു.

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തുള്ള വസ്തുവകകളിലേക്ക് മതിയായ പ്രവേശനം തടസ്സപ്പെടാത്ത രീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

### 2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുത്ത് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

### 2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരി നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്. പദ്ധതിക്ക് വേണ്ടി മറ്റ് പഠനങ്ങൾ നടന്നതായ വിവരങ്ങൾ ലഭ്യമല്ല.

### 2.10 ബാധകമായ നിയമങ്ങളും നയങ്ങളും

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മാണത്തിനു ആവശ്യമായ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനസ്ഥാപനം, എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017) തീയതിയിലെ G.O(MS No.448/2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം.
- വിവരാവകാശ നിയമം 2005

# അദ്ധ്യായം 3

# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ ടി. എം. ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മാണത്തിനു ഏകദേശം 0.6070 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന പദ്ധതിക്ക് വേണ്ടി, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാ സിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി ഔട്ട്റീച്ച് കളമശ്ശേരിയെ ചുമതലപ്പെടുത്തിക്കൊണ്ട് എറണാകുളം ജില്ലാ കളക്ടറുടെ 2025 നവംബർ 13-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCEKM/3966/25-C8, 2025 നവംബർ 14 തീയതിയിലെ 4022-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനു സൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

## 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ച് പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവസമ്പത്തുള്ള 9 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടി യുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി അന്തിമ രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1.1. പഠന സംഘം

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | മീനകുരുവിള | എം.എസ്.ഡബ്ല്യു. ചെയർപേഴ്സൺ (SIA unit) | വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ഫാ.സാജു എം.ഡി | എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ & കൺസൾട്ടൻറ് (SIA unit) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ബിനോയ് ജോസഫ് | എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ഡോ.ഫാ. ഷിൻേറാ ജോസഫ് | എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ്ഓഫീസർ, എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തനപരിചയം |
| 6 | അഭിജിത് ലാൽ | എം.എസ്.ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 9 വർഷത്തെ പ്രവർത്തനപരിചയം |
| 7 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 36 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ഫിലോമിന കെ.എ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 32 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ഇന്ദിര വി. വി. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 34 വർഷത്തെ പ്രവർത്തന പരിചയം |

### 3.2 സാമൂഹ്യ പ്രത്യാഘാത പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രത്തെക്കുറിച്ചും വിവരശേഖരണം നടത്തിയ മാർഗത്തെക്കുറിച്ചുമുള്ള വിശദീകരണവും യുക്തിയും

പദ്ധതി മൂലം കുടുംബത്തിനും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബത്തിൻെറ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് 5 ഭൂവുടമകളുടെ സ്ഥലമാണ്. ആയതിനാൽ പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിതമാകുന്ന ഭൂമിയുടെ ഉടമകളുമായി പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തിയുമാണ് പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങൾ

ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമൂഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും ഉടമയുടെ അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ, എറണാകുളം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

പദ്ധതി ബാധിത ഭൂവുടമകളുമായും മറ്റ് വ്യക്തികളുമായും അഭിമുഖത്തിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പദ്ധതി ബാധിത ഭൂവുടമകൾക്കും, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിത ഭൂവുടമകളോ, ജനപ്രതിനിധികളോ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

പട്ടിക 3.2.1. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ

| തീയതി | ഘട്ടങ്ങൾ |
|---|---|
| 13.11.2024 | പഠനം നടത്തുന്നതിന് കളമശ്ശേരി രാജഗിരി ഔട്ട്റീച്ച്നെ വിജ്ഞാപനം കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചു. |
| 22.11.2025 | പദ്ധതി പ്രദേശത്ത് സംയുക്ത സന്ദർശനം, ചോദ്യാവലി പരിശോധന & പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| 25.11.2025 | ടെലഫോൺ മുഖാന്തിരം പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| 18.12.2025 | പ്രാഥമിക & ദ്വിതീയ വിവരങ്ങൾ വിശകലനം ചെയ്യൽ |
| 20.01.2026 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം - കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| 05.02.2026 | പബ്ലിക് ഹിയറിങ്ങ് |
| 10.02.2026 | അന്തിമ രേഖ സമർപ്പണം |

## 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതി യെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന 5 ഭൂവുടമകളെ കണ്ടെത്തുകയും, അവരിൽ നിന്ന് സാമൂഹ്യ- സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

## 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, ഭൂവുടമയെ നേരിൽ കണ്ട് പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തിയ അഭിമുഖത്തിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമൂഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബത്തിനുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവ

ലിയിൽ ഉൾക്കൊള്ളുന്നു. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ പിന്നീട് ഇതോടൊപ്പം കൂട്ടിച്ചേർക്കുന്നതാണ്.

### 3.5 തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ മണിമലകുന്ന് ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മാണത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിനു ടി നിയമത്തിൻെറ വകുപ്പ് 7(1) പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിൻെറ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരമുള്ള പബ്ലിക് ഹിയറിങ്ങ് ഫെബ്രുവരി 05 2026, മണിമലകുന്ന് ടി. എം ജേക്കബ് ഗവൺമെൻറ് കോളേജ് സെമിനാർ ഹാളിൽ വെച്ച് സംഘടിപ്പിച്ചു.

രാവിലെ 11 മണിക്ക് ആരംഭിച്ച ചടങ്ങിൽ ശ്രീ ബിജു സി.പി ഡെവലപ്മെൻറ് ഓഫീസർ, എസ്.ഐ.എ. യൂണിറ്റ് പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ഉദ്യോഗസ്ഥരേയും, ഭൂവുടമകൾ ഉൾപ്പെടെയുള്ള പദ്ധതി ബാധിതരേയും ഔദ്യോഗികമായി സ്വാഗതം ചെയ്തു. രാജഗിരി ഔട്ട്റീച്ച് എസ്. ഐ. എ യൂണിറ്റ് ചെയർപേഴ്സൺ ശ്രീമതി മീന കുരുവിള പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും പബ്ലിക് ഹിയറിങ്ങിൻെറ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു. സ്റ്റേഡിയം നിർമ്മാണ കമ്മിറ്റി ചെയർമാനും മുൻ എം.എൽ.എ യുമായ ശ്രീ എം.ജെ ജേക്കബ് പബ്ലിക് ഹിയറിങ് ഉത്ഘാടനം ചെയ്ത് സംസാരിച്ചു. പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുവാനും പദ്ധതി ബാധിതരായ ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കാനും നിർദ്ദേശിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ത്തിൻെറ കരട് രേഖ റിസേർച്ച് അസോസിയേറ്റ് ശ്രീ. അഭിജിത്ലാൽ എൻ.എസ്. അവതരിപ്പിച്ചു. തുടർന്ന് നടന്ന തുറന്ന ചർച്ചയിൽ പദ്ധതി ബാധിതർ ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ച് തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്ക് വച്ചു. തുടർന്ന് ശ്രീമതി പ്രിയ പി. സ്പെഷ്യൽ തഹസിൽദാർ, എൽ എ ജനറൽ എറണാകുളം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും, അർത്ഥനാധികാരിയെ പ്രതിനിധീകരിച്ച് കോളേജ് പ്രിൻസിപ്പാൾ ഡോ. മണിലാൽ കെ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപെട്ട

വിഷയങ്ങളിലും, പദ്ധതി ബാധിതരുടെ സംശയങ്ങൾക്ക് മറുപടി നൽകി. എസ്.ഐ.എ. യൂണിറ്റ് റിസേർച്ച് അസോസിയേറ്റ് ശ്രീ. അഭിജിത്‌ലാൽ എൻ.എസ് പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്കും പദ്ധതി ബാധിതർക്കും നന്ദി പറഞ്ഞു. ഉച്ചക്ക് 1 മണിക്ക് പബ്ലിക് ഹിയറിങ് അവസാനിച്ചു.

സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പബ്ലിക് ഹിയറിംഗിൽ ഭൂവുടമകൾ ഉന്നയിച്ച പരാതികളും ആശങ്കകളും അർത്ഥനാധികാരിക്കും ഭൂമിയേറ്റെടുക്കൽ ഉദ്യോഗസ്ഥർക്കും സമർപ്പിച്ചിരുന്നു. ടി ചോദ്യങ്ങൾക്ക് രേഖാമൂലം നൽകിയ മറുപടി പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു.


**3.5.1 പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും**


| നമ്പർ | അഭിപ്രായം ഉന്നയിച്ച വ്യക്തി, സർവ്വെ നമ്പർ | അഭിപ്രായം | ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടി |
|---|---|---|---|
| 1. | ബിജുമോൻ കെ എസ്<br>പൈലി സ്കറിയ | ഭൂമി വിട്ടുനൽകിയാൽ എത്ര രൂപ നഷ്ടപരിഹാരം ലഭിക്കുമെന്ന് അറിയണം | RFCTLARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കുന്നതാണ്<br>**(സ്പെഷ്യൽ തഹസിൽദാർ)** |
| 2. | സണ്ണി<br>305/1b-1<br>305/1-b2 | ഞങ്ങൾ മൂന്ന് സഹോദരന്മാരുടെ പേരിലുള്ള സ്ഥലമാണ്. ടി ഭൂമി യിൽ 300ന് അടുത്ത് റബ്ബർ മരങ്ങൾ ഉണ്ട് അത് ഞങ്ങളുടെ ഉപജീവന മാർഗ്ഗമാണ്.സ്റ്റേഡിയത്തിനു വേണ്ടി ഭൂമി വിട്ടു നൽകാൻ തയ്യാറാണ്. പക്ഷേ ന്യായമായ നഷ്ടപരിഹാരം ലഭിക്കണം. നിലവിൽ ഭൂമിയിൽ ആഞ്ഞിലി, വട്ട, മഹാഗണി എന്നിവ യെല്ലാം ഉണ്ട്. ഇതെല്ലാം കണക്കി ലെടുത്ത് നഷ്ടപരിഹാരം നൽകണം | RFCTLARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കുന്നതാണ്<br>**(സ്പെഷ്യൽ തഹസിൽദാർ)** |
| 3. | സാബു | ഞങ്ങളുടെ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞ് എകദേശം 10 സെൻറ് ഭൂമി മിച്ചം വരും. അത് ഞങ്ങൾക്ക് ഉപയോഗ യോഗ്യമല്ലതാകും. അതിനാൽ മിച്ച ഭൂമി കൂടെ ഏറ്റെടുക്കണം | എറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന ഭൂമി ഉപ യോഗയോഗ്യമല്ലായെങ്കിൽ എറ്റെടുക്കലിനു പരിഗണി ക്കാൻ അർഥനാധികാരിക്ക് അപേക്ഷ നൽകാവുന്നതാണ് **(സ്പെഷ്യൽ തഹസിൽദാർ)** |

| | | | |
|---|---|---|---|
| 4. | മോളി ജോസ് | ഞാൻ ഒരു വിധവയായ സ്ത്രീയാണ്. എന്റെ രണ്ട് പെൺ മക്കളും കല്യാണം കഴിഞ്ഞ് പോയി, എനിക്ക് വാർദ്ധക്യ സംബന്ധമായ അസുഖങ്ങളുമുണ്ട്. ഇനിയൊരു വീട് പണിയുവാനും കണ്ടെത്തുവാനും ഒന്നും എനിക് ആകില്ല. നിലവിലെ വീട് പണിതിട്ട് 8 വർഷമേ ആയിട്ടുള്ളു. അത് മാത്രമല്ല, എന്റെ ഉപജീവനമാർഗ്ഗം ഈ വീട്ടിൽ നടത്തുന്ന ഹോസ്റ്റൽ ആണ്, അതു കൂടെ ഇല്ലതായാൽ എന്റെ ജീവിതമാർഗ്ഗം ഇല്ലതാകും. അതിനാൽ എനിക് ഭൂമി വിട്ടു തരാൻ താൽപ്പര്യമില്ല. | RFCTLARR Act 2013 പ്രകാരവും ടി നിയമത്തിന്റെ വെളിച്ചത്തിൽ റവന്യു വകുപ്പ് 2015ൽ പുറപ്പെടുവിച്ച പോളിസി പ്രകാരവും ജില്ലാ കളക്ടർ അഡ്മിനിസ്ട്രേറ്റർ ആയ പുനരധിവാസ പുനസ്ഥാപന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരവുമുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജും ലഭിക്കുന്നതാണ്. റവന്യു വകുപ്പ് 2017ൽ പുറപ്പെടുവിച്ച പോളിസി പ്രകാരം ഉപജീവനമാർഗ്ഗം നഷ്ടമാകുന്നതിനുള്ള നഷ്ടപരിഹാരവും ലഭിക്കുന്നതാണ്<br><br>**(സ്പെഷ്യൽ തഹസിൽദാർ)** |






VHQ8+Q48, Manimala,
Ernakulam, Kerala 686662,
India
05 Feb 2026 11:26 am
clear sky
34.0 °C
Google


Galaxy S23


Galaxy S23


Galaxy S23







***സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ വിവരശേഖരണത്തിൻെറയും, പബ്ലിക് ഹിയറിങ്ങിൻെറയും ചിത്രങ്ങൾ***

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

## 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

എറണാകുളം ജില്ലയിലെ തിരുമാറാടി വില്ലേജിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമീണ പ്രദേശമാണ് മണിമലകുന്ന്. ജില്ലയുടെ കിഴക്കൻ പ്രദേശത്തായി കുന്നിൻ ചെരിവുകളോട് ചേർന്നാണ് മണിമലക്കുന്ന് ഗ്രാമം സ്ഥിതി ചെയ്യുന്നത്. നെല്ല്, തെങ്ങ്, വാഴ, റബ്ബർ, കുരുമുളക് മുതലായ പാരമ്പര്യ കൃഷികളെ ആശ്രയിച്ചു വരുന്ന കർഷക സമൂഹമാണ് ഇവിടെയുള്ളത്. മൂവാറ്റുപുഴ, കൂത്താട്ടുകുളം, പിറവം എന്നീ പട്ടണങ്ങളുമായി റോഡ് മാർഗ്ഗം ബന്ധപ്പെട്ട് കിടക്കുന്ന മണിമലക്കുന്ന് ഗ്രാമത്തിൽ നിലവിലെ മെച്ചപ്പെട്ട ഗതാഗത, കച്ചവട, ആരോഗ്യ സൗകര്യങ്ങൾ പ്രാപ്യമാണ്. ഗ്രാമീണ സമൂഹത്തിൻെറ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവകാശങ്ങളെ പരിരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ തിരുമാറാടി യിലെ കർഷക സമൂഹം സ്ഥാപിച്ച റൂറൽ എഡ്യുക്കേഷൻ സൊസൈറ്റി എന്ന സംഘട നയുടെ പ്രവർത്തന മികവിൻെറ അനന്തരഫലമാണ് ടി.എം. ജേക്കബ് മേമ്മോറിയൽ ഗവ. കോളേജ്.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

നിലവിലെ പദ്ധതിയിലൂടെ ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുമ്പോൾ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുവാൻ സാധിക്കുന്നു. ടി പദ്ധതിക്കായി തിരുമാറാടി വില്ലേജിൽ നിന്നുള്ള 305/1B, 305/1A,B, 305/1B, 304/1. സർവ്വേ നമ്പരുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിൽ 5 ഭൂവുടമകളുടെ പേരിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഭൂമിയുടെ അളവ് കുറയുക/പൂർണ്ണമായി നഷ്ടപ്പെടുക, വീട് നഷ്ടപ്പെടുക, കുടിയൊഴിക്കപ്പെടുക, ഉപജീവ നമാർഗ്ഗം നഷ്ടമാകുക, കൃഷി/ മരങ്ങൾ നഷ്ടപ്പെടുക എന്നിവയാണ് പ്രധാനമായും കണ്ടെത്തിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ. ഇതിനോടൊപ്പം തന്നെ പദ്ധതി നിർമ്മാണ ഘട്ടത്തിൽ വസ്തുവകകളിലേക്കുള്ള വഴി തടസ്സപ്പെടൽ, ഉണ്ടാകാനിടയുള്ള പരിസര

മലിനീകരണം, അപകട സാധ്യതകൾ എന്നിവയും പഠന സംഘം കണ്ടെത്തിയ പ്രധാന പ്രത്യാഘാതങ്ങളാണ്. ഏറ്റെടുക്കുന്ന പ്രദേശത്തിനപ്പുറത്തേക്ക് മൊത്തത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് പഠന സംഘം വിലയിരുത്തുന്നു.

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം സമർപ്പിച്ച അർത്ഥനാപത്രത്തിൽ 0.6070 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറയുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു

### 4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പൊതു വിനിയോഗത്തിലുള്ള സ്ഥലം ഇല്ല.

### 4.5 പദ്ധതിക്കു വേണ്ടി നിലവിൽ വിലകൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിട്ടുള്ളതോ ആയ ഭൂമി, പദ്ധതിയ്ക്കാവശ്യമായ ഓരോ ഭൂഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

ഭൂസ്ഥിതി പ്രകാരം മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും ഏറ്റെടു ക്കുന്ന ഏകദേശം 0.6070 ഹെക്ടർ ഭൂമി പുരയിടം, വിഭാഗത്തിൽ ഉൾപ്പെടുന്നു. പദ്ധതി പ്രദേശങ്ങൾ തിരുമാറാടി പഞ്ചായത്തിൽ 5-ാം വാർഡിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ്. ഏറ്റെടുക്കുന്ന സ്ഥലം ഏറെക്കുറെ അടിസ്ഥാന സൗകര്യങ്ങളുടെയെല്ലാം പ്രാപ്യതയുള്ള താണ്. കൃഷിയാണ് ഇവിടത്തെ പ്രധാന തൊഴിൽ മേഖല, ദിവസ വേതന ജോലികൾ ചെയ്യുന്നവരും, ഗവൺമെൻറ് ജോലിക്കാരും പ്രദേശത്തുണ്ട്. റബ്ബർ, മാവ്, പ്ലാവ്, തെങ്ങ് തുടങ്ങിയ ഫല വൃക്ഷങ്ങളും ഇവിടെ ധാരാളമുണ്ട്.

### 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ തരം പുരയിടം വിഭാഗത്തിൽ പെടുന്നു. നിലവിൽ ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു കുടുംബം താമസിക്കുകയും ബാക്കി 4 ഉടമകളുടെയും സ്ഥലം കൃഷിക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. റബ്ബർ ആണ് നിലവിലെ പ്രധാന കൃഷി. മാവ്, പ്ലാവ്, തെങ്ങ് തുടങ്ങിയ ഫല വൃക്ഷങ്ങളും ഇവിടെ ധാരാളമുണ്ട്. കിണർ, കുഴൽ കിണർ, തുടങ്ങിയവയിൽ നിന്നുള്ള വെള്ളം ഉപയോഗി ച്ചാണ് പ്രധാനമായും കൃഷിക്ക് ജലസേചനം നടത്തുന്നത്.

### 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും 305/1B, 305/1A,B, 305/1B, 304/1 എന്നീ സർവ്വെ നമ്പരുകളിൽപെട്ട ഏകദേശം 0.6070 ഹെക്ടർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ടി ഭൂമി നിലവിൽ 5 ഭൂവുടമ കളുടെ പേരിലുള്ളതാണ്. ഒരു ഭൂവുടമയാണ് നിലവിൽ പ്രദേശത്ത് താമസിക്കുന്നത്.

### 4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം 5

# ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മാണത്തിനു വേണ്ടി 0.6070 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

**5.1. കുടുംബങ്ങളുടെ എണ്ണം**

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെയും ഉപജീവനത്തിനായി ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്ര യിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെയും പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും, താമസത്തിനായോ വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണാവുന്നതാണ്.

പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായിട്ടുള്ള ഭൂവുടമകൾ 5 പേരാണ്. ഭൂവുടമ കളുടെ വിലാസവും ഫോൺ നമ്പരും താഴെ നൽകുന്നു.

**പട്ടിക 5.1.1. ഭൂവുടമയുടെ വിവരങ്ങളും, പ്രത്യാഘാതവും**

| ക്രമ നം. | പേരും വിലാസവും ഫോൺ നമ്പരും | സർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| 1 | മോളി ജോസ്<br>കോവൂർ പുത്തൻപുര<br>ഒലിയപ്പുറം പി.ഓ<br>9946363478 | 305/1A3 | • വീട് പൂർണ്ണമായും നഷ്ടമാകുന്നു<br>• ചുറ്റുമതിൽ, ഗേറ്റ്, സെപ്റ്റിക് ടാങ്ക്, കിണർ ആട്ടിൻ കൂട് മുതലായവ നഷ്ടമാകുന്നു<br>• മാവ് 3, ആഞ്ഞിലി 3, വാഴ 15, പ്ലാവ് 1, തെങ്ങ് 8, കവുങ്ങ് 5 സപ്പോട്ട |
| | | | |

| | | | |
|---|---|---|---|
| 2 | പൈലി സ്കറിയ<br>കക്കനാട്ട് തടത്തിൽ,<br>ഒലിയപ്പുറം<br>9562060684 | 305/1B1-3 | • റബ്ബർ നഷ്ടമാകുന്നു<br>• അക്വേഷ്യ, ആഞ്ഞിലി, വട്ട മുതലായ മരങ്ങളും നഷ്ടമാകുന്നു |
| 3 | സാബു<br>കാക്കമഠത്തിൽ, ഒലിയപ്പുറം<br>9447606323 | 305/1B-2-3 | • റബ്ബർ 280<br>• ആഞ്ഞിലി 6 |
| 4 | സണ്ണി<br>കാക്കമഠത്തിൽ, ഒലിയപ്പുറം<br>9447606323 | 305/1B 2-2<br>305/1B1-3 | |
| 5 | സ്കറിയ<br>കാക്കമഠത്തിൽ, ഒലിയപ്പുറം<br>9447606323 | 305/1B<br>305/1B1-4 | |

### 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

### 5.3 പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശ ത്തില്ല

### 5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതിയിലൂടെ ലഭിച്ച സ്ഥലങ്ങൾ പദ്ധതി ബാധിത മാകുന്നില്ല.

### 5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

പദ്ധതി ബാധിതരിൽ ഒരു കുടുംബം പ്രദേശത്ത് താമസിക്കുന്നു. ഈ വീട് പൂർണ്ണമായും നഷ്ടമാകും,

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോ- പാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

നിലവിൽ വീട് പദ്ധതി ബാധിതമാകുന്ന മോളി ജോസ് എന്ന ഭൂവുടമ കഴിഞ്ഞ ഏതാനും വർഷങ്ങളായി ടി വീട്ടിൽ കോളേജ് വിദ്യാർഥികൾക്കായി ഹോസ്റ്റൽ നടത്തി വരുന്നു. വിധവയായ ടി ഭൂവുടമ തനിച്ച് താമസിക്കുകയും, ഹോസ്റ്റലിൽ നിന്നുള്ള വരുമാനം അവരുടെ ജീവനോപാധിയുമാണ്. ടി വരുമാനം പൂർണ്ണമായും നഷ്ടമാകും.

***5.7* ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പ്രസ്തുത പദ്ധതി പ്രദേശത്ത് റബ്ബർ, തെങ്ങ്, വാഴ, ആഞ്ഞിലി, കവുങ്ങ് മറ്റ് ചെറു മരങ്ങൾ തുടങ്ങി ചെറുതും വലുതുമായ ഏകദേശം 350 ഓളം മരങ്ങൾ നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ഭൂവുടമകൾക്ക് നഷ്ടപ്പെടുന്നു.

# അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

### 6.1. പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ ഉൾപ്പെട്ട പ്രദേശം ആണ്. പദ്ധതി പ്രദേശം ഉൾപ്പെടുന്ന തിരുമാറാടി ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധിച്ചാൽ, ഗ്രാമ പഞ്ചായത്തിൽ 13 വാർഡുകളിലെ 4,482 കുടുംബങ്ങളിലായി 17,585 അംഗങ്ങൾ താമസിക്കുന്നു. ഇവരിൽ 8,756 പേർ പുരുഷന്മാരും, 8,829 പേർ സ്ത്രീകളു മാണ്. കൂടാതെ, ആകെ ജനസംഖ്യയിൽ 1629 പേർ പട്ടിക ജാതി വിഭാഗത്തിൽപെട്ടവരും, 41 പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരുമാണ്.

സാമൂഹ്യാഘാത പഠന സർവ്വെയിൽ പങ്കെടുത്ത 5 ഭൂവുടമകളിൽ, ഒരാൾ പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്നു. രണ്ട് പേർ പദ്ധതി പ്രദേശത്തിനോട് ചേർന്ന് താമസിക്കുന്നു. ബാക്കി രണ്ടു പേരും ജില്ലക്ക് പുറത്താണ് താമസം. ഭൂവുടമകളുടെ സാമൂഹ്യ പശ്ചാത്തലം പരിശോധിച്ചാൽ, സർവ്വെയിൽ പങ്കെടുത്ത 5 കുടുംബങ്ങളും ക്രിസ്ത്യൻ വിഭാഗത്തിൽ ഉൾപ്പെടുന്നു.

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, സർവ്വെയിൽ പങ്കെടുത്ത 5 ഭൂവുടമകളിൽ, രണ്ട് കുടുംബങ്ങൾക്ക് പിങ്ക് നിറമുള്ള റേഷൻ കാർഡാണ് കൈവശമുള്ളത്. ബാക്കി 3 കുടുംബങ്ങളും ദാരിദ്ര രേഖക്ക് മുകളിലുള്ള വെള്ള നിറത്തിലുള്ള കാർഡാണ് കൈവശം വെച്ചിരിക്കുന്നത്.

### . 6.3. ദുർബല ജനവിഭാഗം

പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബാംഗങ്ങളിൽ 60 വയസ്സിന് മുകളിലുള്ളവരും 18 വയസ്സിൽ താഴെയുള്ളവരുമുണ്ട്**.**

### 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, ഒരു ഭൂവുടമ സ്ഥലം താമസത്തിനായി ഉപയോഗിക്കുന്നു. ബാക്കി 4 ഭൂവുടമകളും സ്ഥലം കൃഷി ആവശ്യങ്ങൾക്ക് ഉപയോഗി ക്കുന്നു.

### 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ ഒന്നും പദ്ധതി ബാധിതമാകുന്നില്ല

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതി ബാധിത കുടുംബങ്ങളിൽ രണ്ട് കുടുംബങ്ങൾ കൃഷി ഉപജീവനമാർഗ്ഗമാക്കിയവ രാണ്. ഒരു ഭൂവുടമ വീട്ടിൽ ഹോസ്റ്റൽ നടത്തുന്നു.

### 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

ബാധകമല്ല

### 6.8. ഭരണ സംഘടനകൾ

ഭരണ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

### 6.9. രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

### 6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

### 6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

എറണാകുളം ജില്ലയിലെ തിരുമാറാടി വില്ലേജിൽ മണിമലക്കുന്നിൽ പ്രവർത്തിക്കുന്ന ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിലവിൽ എകദേശം 600 ഓളം കുട്ടികൾ പഠിക്കുന്ന കോളേജിൽ ബിരുദവും ബിരുദാനന്തര ബിരുദവും, ഗവേഷണവും ഉൾപ്പെടെ വിവിധ കോഴ്സുകൾ നൽകി വരുന്നു. പഠനത്തോടൊപ്പം കലാ കായിക പ്രവർത്തനങ്ങൾ ക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന കോളേജിൽ ക്രിക്കറ്റ്, ഫുട്ബോൾ, അത്‌ലറ്റിക്സ്,

ബാഡ്മിൻറൺ, ടേബിൾ ടെന്നീസ് മുതലായ കായികയിനങ്ങൾക്കും സൗകര്യങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും നിലവിലെ ഗ്രൗണ്ടിൻെറ സ്ഥലപരിമിതിയും അത്ലറ്റിക്സ് പോലുള്ള മത്സരയിനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങളുടെ പരിമിതിയും മൂലം കുട്ടികൾക്ക് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും കഴിവു തെളിയിക്കുന്നതിനും സാധിക്കാതെ വരുന്നു. ഈ അവസ്ഥ പരിഗണിച്ചും, എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിലെ പിന്നോക്ക വിഭാഗക്കാർക്കും പട്ടിക വർഗ്ഗ പട്ടിക ജാതി കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനും വളർച്ചക്കു അടിത്തറ പാകിയ വിദ്യാലയമെന്ന നിലയിലും ടി.എം ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജ് സംരക്ഷിക്കപ്പെടേണ്ടത് നാടിൻെറ ആവശ്യമാണ്.

തിരുമാറാടി വില്ലേജിൽ മണിമലകുന്ന് ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ കോളേജ് കെട്ടിടത്തോടും ഗ്രൗണ്ടിനോടും ചേർന്ന് 200 മീറ്റർ നീളമുള്ള സിന്തറ്റിക് ട്രാക്ക്, ഗാലറി, ജമ്പിങ് പിറ്റ് എന്നിവയുൾപ്പെടുന്ന ഒരു സ്റ്റേഡിയമാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഏകദേശം 0.6070 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

## 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശങ്ങളെല്ലാം ജനവാസ മേഖലകളാണ്. പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിയുടെ പ്രത്യാഘാത ദുരീകരണം 3 ഘട്ടങ്ങളായാണ് വിലയിരുത്തിയത്. ആദ്യ ഘട്ടത്തിൽ പ്രാഥമിക പഠനത്തിലൂടെ ഒരു ഭൗതിക വിലയിരുത്തൽ നടത്തി. പദ്ധതിയുടെ ആശങ്കകളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും മനസ്സിലാക്കി. നിശ്ചിത ഘടനയിലുള്ള ചോദ്യാവലിയിലൂടെ പദ്ധതി ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെ കുറിച്ചും വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്തു.

പഠനത്തിൻെറ അടുത്ത ഘട്ടമായി 2026 ഫെബ്രുവരി 05 തീയതിയിൽ ടി. എം. ജേക്കബ് ഗവൺമെൻറ് കോളേജിൽ പകൽ 11 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം പദ്ധതി പ്രദേശം നിരീക്ഷിച്ചും, പദ്ധതി ബാധിതരും അല്ലാത്തവരുമായ വ്യക്തികളുമായി സംസാരിച്ചും, ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ചു. ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കു ന്നതിന് പദ്ധതി ബാധിതർക്കും ജനപ്രതിനിധികൾക്കും അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ടും സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ടും ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകി.

## 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കഴിയുന്നത്ര ആഘാതങ്ങൾ കുറയ്ക്കുന്ന വിധത്തിലാണ് അർത്ഥനാധികാരി ടി. എം. ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മാണം ആസൂത്രണം ചെയ്തിരിക്കുന്നത്. എന്നിരുന്നാലും ഭൂവുടമകളെ പദ്ധതി പ്രതികൂലമായി ബാധിക്കുന്നതിനാൽ അത് ദുരീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമായി താഴെ പറയുന്ന നടപടി കൾ കൈക്കൊള്ളേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും നഷ്ടപരിഹാരവും പുനരധിവാസ–പുനസ്ഥാപന പാക്കേജും നൽകുക
- വീട് നഷ്ടമാകുന്ന കുടുംബത്തിനു അർഹമായ നഷ്ടപരിഹാരം നൽകി പുനരധിവാസ പാക്കേജിനു പരിഗണിക്കണം
- കുടിയൊഴിപ്പിക്കപ്പെടുന്ന ഭൂവുടമ വിധവയും തനിച്ച് താമസിക്കുന്നതുമായതിനാലും, ഏക ഉപജീവനമാർഗ്ഗമായ ഹോസ്റ്റൽ നഷ്ടമാകും എന്നതിനാലും നിജസ്ഥിതി പരിശോധിച്ച് അർഹമായ പുനരധിവാസ പുനസ്ഥാപന പാക്കേജും ഉപജീവന മാർഗ്ഗം നഷ്ടമാകുന്നതിനു ന്യായമായ നഷ്ടപരിഹാരവും നൽകുന്നത് പരിഗണിക്കണം
- വസ്തുവിനോട് ചേർന്നുള്ള ചുറ്റുമതിൽ, കിണർ, സെപ്ടിക് ടാങ്ക് മുതലായ നിർമ്മിതികൾ നഷ്ടമാകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം
- ഭുവുടമകൾക്ക് റബ്ബർ കൃഷിയിൽ നിന്നുള്ള വരുമാനം നഷ്ടമാകുന്നുണ്ട്, ടി നഷ്ടങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം നൽകുക
- തെങ്ങ്, പ്ലാവ്, റബ്ബർ, തേക്ക്, മാവ്, കവുങ്ങ് ആഞ്ഞിലി സപ്പോട്ട, മുതലായ മറ്റ് വൃക്ഷങ്ങളും നഷ്ടമാകുന്നത് കണക്കിലെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കണം
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനും മാലിന്യങ്ങൾ ശാസ്ത്രീയമായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും അതോടൊപ്പം സ്റ്റേഡിയം നിർമ്മാണവും കാലതാമസം കൂടാതെ നടപ്പിലാക്കുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപന ത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുന:സ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

പദ്ധതിരേഖയിൽ പ്രത്യേകമായി ഉൾപ്പെടുത്തുന്ന നടപടികളെകുറിച്ച് അർത്ഥനാധികാരി നിർദ്ദേശിച്ചിട്ടില്ല.

**7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പദ്ധതിയുടെ രൂപരേഖയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല. കുടുംബങ്ങൾക്ക് പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി

23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 *സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്ന്, രണ്ട് പട്ടികകൾ പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | | പദ്ധതിബാധിതമാകുന്ന വീട്ടിൽ വളരെ വർഷങ്ങളായി താമസിക്കുന്ന കുടുംബത്തിന് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ- പുനസ്ഥാപന പാക്കേജിന് പരിഗണന |
| 3 | വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം. | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാര വുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | ഉപജീവനമാർഗം /വരുമാനം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള | | ഉപജീവനം നഷ്ടമാകുന്ന പദ്ധതിപ്രദേശത്ത് 3 വർഷത്തിലധികമായി തൊഴിൽ ചെയ്യുന്ന, വിശ്വസനീയമായ രേഖകളുള്ള തൊഴിലാളികൾക്കും മതിയായ |

| | | | | |
|---|---|---|---|---|
| | | പുനരധിവാസ–പുന:സ്ഥാപന പാക്കേജ് നൽകുക | | രേഖകളുടെ അടിസ്ഥാന ത്തിൽ പുനരധിവാസ – പുനസ്ഥാപന പാക്കേജിന് പരിഗണന. |
| 5 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 6 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |

### 7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായ മായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമു ള്ള അവകാശ നിയമവും ടി നിയമത്തിൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിൽ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും, നഷ്ടപരിഹാരവും, പുനരധിവാസ–പാക്കേജും നൽകുന്ന നടപടിയാണ് അർത്ഥനാധികാരി കൈക്കൊള്ളുന്നത്

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത
# പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൽ നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബത്തിനുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടിയുള്ള പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മാണത്തിനു ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് എറണാകുളം ജില്ലാ കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ, എറണാകുളം ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ- പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റെവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ- പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

### 8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ

സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി ഔട്ട്റീച്ച് കളമശ്ശേരിയെ ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മാണത്തിനു വേണ്ടി മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 നവംബർ 13-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCEKM/3966/25-C8 പ്രകാരം എറണാകുളം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തര വാദിത്തപ്പെട്ടിരിക്കുന്നു.

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗ സ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകത കൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, ഭൂവുടമക്കും ഉപജീവനം നഷ്ടമാകുന്ന തൊഴിലാളികൾക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ–പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള നഷ്ടപരിഹാരവും പുനരധിവാസ –പുനസ്ഥാപന പാക്കേജും നൽകുന്നതിനുള്ള സാമ്പത്തിക രൂപരേഖ തയ്യാറാ ക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ എറണാകുളം ചുമതല പ്പെട്ടിരിക്കുന്നു.

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ഉടമകൾക്ക് നഷ്ടമാകുന്ന ഭൂമിക്കും ചമയങ്ങൾക്കും നിയമാനുസൃതമായ നഷ്ടപരിഹാരം നൽകണം

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിർദ്ദിഷ്ട പദ്ധതി മൂലം അഞ്ച് ഭൂവുടമകൾക്കാണ് പ്രത്യാഘാതം ഉണ്ടാകുന്നത്. മേൽ നോട്ടത്തിനും വിലയിരുത്തലിനുമുള്ള പ്രധാന സൂചികകൾ ഇവയാണ്.

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

### 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ മണിമലകുന്ന് ടി. എം ജേക്കബ് ഗവൺമെൻറ് കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്ന നിലവിലെ പദ്ധതിക്ക് വേണ്ടി തിരുമാറാടി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ജില്ലാ കളക്ടർ, എറണാകുളം പദ്ധതി യുടെ പുനരധിവാസ– പുനസ്ഥാപന സ്കീമിൻെറ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടു ക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും

പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ, എറണാകുളം ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ–പുനഃസ്ഥാപന സ്കീമിൻെറ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

### 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

നിർദ്ദിഷ്ട പദ്ധതിക്ക് സ്വതന്ത്ര മൂല്യ നിർണ്ണയം വിഭാവനം ചെയ്തിട്ടില്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

## 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

എറണാകുളം ജില്ലയിലെ തിരുമാറാടി വില്ലേജിൽ മണിമലക്കുന്നിൽ പ്രവർത്തിക്കുന്ന ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിലവിൽ എകദേശം 600 ഓളം കുട്ടികൾ പഠിക്കുന്ന കോളേജിൽ ബിരുദവും, ബിരുദാനന്തര ബിരുദവും, ഗവേഷണം ഉൾപ്പെടെ വിവിധ കോഴ്സുകൾ നൽകിവരുന്നു. പഠനത്തോടൊപ്പം കലാ കായിക പ്രവർത്തന ങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന കോളേജിൽ ക്രിക്കറ്റ്, ഫൂട്ബോൾ, അത്‌ലറ്റിക്സ്, ബാഡ്മിൻറൺ, ടേബിൾ ടെന്നീസ് മുതലായ കായികയിനങ്ങൾക്കും സൗകര്യങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും നിലവിലെ ഗ്രൗണ്ടിൻെറ സ്ഥലപരിമിതിയും അത്‌ലറ്റിക്സ് പോലുള്ള മത്സരയിനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങളുടെ പരിമിതിയും മൂലം കുട്ടികൾക്ക് കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും കഴിവു തെളിയിക്കുന്നതിനും സാധിക്കതെ വരുന്നു. ഈ അവസ്ഥ പരിഗണിച്ചും, എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിലെ പിന്നോക്ക വിഭാഗക്കാർക്കും പട്ടിക വർഗ്ഗ പട്ടിക ജാതി കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനും വളർച്ചക്കു അടിത്തറ പാകിയ വിദ്യാലയമെന്ന നിലയിലും ടി.എം. ജേക്കബ് മെമ്മോറിയൽ ഗവൺമെൻറ് കോളേജ് സംരക്ഷിക്കപ്പെടേണ്ടത് നാടിൻെറ ആവശ്യമാണ്.

തിരുമാറാടി വില്ലേജിൽ മണിമലകുന്ന് ടി. എം. ജേക്കബ് ഗവൺമെൻറ് കോളേജിൽ കോളേജ് കെട്ടിടത്തോടും ഗ്രൗണ്ടിനോടും ചേർന്ന് 200 മീറ്റർ നീളമുള്ള സിന്തറ്റിക് ട്രാക്ക്, ഗാലറി, ജമ്പിങ് പിറ്റ് എന്നിവയുൾപ്പെടുന്ന ഒരു സ്റ്റേഡിയമാണ് വിഭാവനം ചെയ്യിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി 5 ഭൂവുടമകളുടെ പേരിലുള്ള ഏകദേശം 0.6070 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഭൂമിയുടെ അളവ് കുറയുക/പൂർണ്ണമായി നഷ്ടപ്പെടുക, വീട് നഷ്ടപ്പെടുക, കുടിയൊഴിക്കപ്പെടുക, ഉപജീവനമാർഗ്ഗം നഷ്ടപ്പെടുക, കൃഷി/മരങ്ങൾ നഷ്ടപ്പെടുക എന്നിവയാണ് പ്രധാനമായും കണ്ടെത്തിയ സാമൂഹ്യ

പ്രത്യാഘാതങ്ങൾ. ഇതിനോടൊപ്പം തന്നെ പദ്ധതി നിർമ്മാണഘട്ടത്തിൽ വസ്തുവകകളിലേക്കുള്ള വഴി തടസ്സപ്പെടൽ, ഉണ്ടാകാനിടയുള്ള പരിസര മലിനീകരണം, അപകട സാധ്യതകൾ എന്നിവയും തുടങ്ങിയ ആഘാതങ്ങൾ ഉണ്ടാവുന്നുണ്ട് എങ്കിലും സർവ്വെയിൽ പങ്കെടുത്ത എല്ലാ പദ്ധതി ബാധിത ഭൂവുടമകൾക്കും പ്രദേശവാസികൾക്കും പദ്ധതിയോട് വളരെ അനുകൂല മനോഭാവമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്

**11.2 ശുപാർശകൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ നിന്നും ഏകദേശം 0.6070 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിൻെറ നാടിൻെറ പുരോഗതിക്ക് കാരണമാകും എന്നതിനാൽ പദ്ധതിബാധിത ഭൂവുടമകളും, വിദ്യാർത്ഥികളും പ്രദേശവാസികളും ഉൾപ്പടെ എല്ലാവർക്കും പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്ക ലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളു ടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No. 448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ പദ്ധതിബാധിതർക്ക് നിയമാനുസൃതമായ നഷ്ട പരിഹാരം യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനര ധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി

വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും നഷ്ടപരിഹാരവും പുനരധിവാസ–പുനസ്ഥാപന പാക്കേജും നൽകുക

- വീട് നഷ്ടമാകുന്ന കുടുംബത്തിനു അർഹമായ നഷ്ടപരിഹാരം നൽകി പുനരധിവാസ പാക്കേജിനു പരിഗണിക്കണം

- കുടിയൊഴിപ്പിക്കപ്പെടുന്ന ഭൂവുടമ വിധവയും തനിച്ച് താമസിക്കുന്നതുമായതി നാലും, ഏക ഉപജീവനമാർഗ്ഗമായ ഹോസ്റ്റൽ നഷ്ടമാകും എന്നതിനാലും നിജസ്ഥിതി പരിശോധിച്ച് അർഹമായ പുനരധിവാസ പുനസ്ഥാപന പാക്കേജും ഉപജീവന മാർഗ്ഗം നഷ്ടമാകുന്നതിനു ന്യായമായ നഷ്ടപരിഹാരവും നൽകുന്നത് പരിഗണിക്കണം

- വസ്തുവിനോട് ചേർന്നുള്ള ചുറ്റുമതിൽ, കിണർ, സെപ്ടിക് ടാങ്ക് മുതലായ നിർമ്മിതികൾ നഷ്ടമാകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം

- ഭുവുടമകൾക്ക് റബ്ബർ കൃഷിയിൽ നിന്നുള്ള വരുമാനം നഷ്ടമാകുന്നുണ്ട്, ടി നഷ്ടങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം നൽകുക

- തെങ്ങ്, പ്ലാവ്, റബ്ബർ, തേക്ക്, മാവ്, കവുങ്ങ് ആഞ്ഞിലി സപ്പോട്ട, മുതലായ മറ്റ് വൃക്ഷങ്ങളും നഷ്ടമാകുന്നത് കണക്കിലെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കണം

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനും മാലിന്യങ്ങൾ ശാസ്ത്രീയമായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും അതോടൊപ്പം സ്റ്റേഡിയം നിർമ്മാണവും കാലതാമസം കൂടാതെ നടപ്പിലാക്കുക.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതി യിലെ G.O(Ms)No. 448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനി ക്കുന്നതിനുള്ള നയം

1. 2025 നവംബർ 14 തീയതിയിലെ 4022-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 2025 നവംബർ 13-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCEKM/3966/25-C8